# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2119 10.10.2011 - ൽ മറുപടിക്ക്

## മലപ്പുറം ജില്ലയിലെ കുടിവെള്ള ക്ഷാമം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ടി. എ. അഹമ്മദ് കബീർ | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) മലപ്പുറം ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ താഴെ പറയുന്ന 9 ശുദ്ധജലവിതരണ പദ്ധതികളുടെ പ്രവൃത്തികൾ നടന്നു വരുന്നു.<br>1. അങ്ങാടിപ്പുറം ഫേസ് II, III<br>2. മൂർക്കനാടിനും സമീപവില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഫേസ് I, II, III,IV,V<br>3. നിലമ്പൂർ കുടിവെള്ള പദ്ധതി<br>4. എ.ആർ.നഗർ കുടിവെള്ള പദ്ധതി<br>5. തിരുനാവായ കുടിവെള്ള പദ്ധതി<br>6. പന്തല്ലൂർ കുടിവെള്ള പദ്ധതി<br>7. ആനക്കയം കുടിവെള്ള പദ്ധതി<br>8. അരീക്കോട് കുടിവെള്ള പദ്ധതി<br>9. ചീക്കോടിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി<br>കൂടാതെ ത്രിതല പഞ്ചായത്ത് സഹായത്തോടു കൂടിയുള്ള പദ്ധതികൾ കളക്ടറുടെയും വാട്ടർ അതോറിറ്റിയുടെയും വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തിയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി നടപടി എടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇല്ലെങ്കിൽ ഇതിനായി പ്രത്യേക പദ്ധതി തയ്യാറാക്കി അടിയന്തിരമായി നടപ്പിലാക്കുന്നതിന് തയ്യാറാകുമോ? | (ബി) | മലപ്പുറം ജില്ലയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി താഴെ പറയുന്ന പദ്ധതികൾ 3/10/2011-ൽ കൂടിയ എസ്.എൽ. എസ്.എസ്.സിയിൽ സമർപ്പിച്ചു.<br>1. ഒതുക്കുങ്ങൽ-പൊൻമല പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി<br>2. ഒഴൂർ പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതി<br>3. കണ്ണമംഗലം പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതി<br>4. ഊർങ്ങാട്ടിരി പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതി<br>5. മുന്നിയൂർ പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതി<br>ഇതിൽ കണ്ണമംഗലം പഞ്ചായത്തിനും മുന്നിയൂർ പഞ്ചായത്തിനും വേണ്ടിയുള്ള പദ്ധതികൾ എസ്.എൽ.എസ്.എസ്.സി യുടെ പരിഗണനയിലാണ്. ബാക്കി 3 പദ്ധതികൾക്ക് ഭരണാനുമതിയും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് പണികൾ ഏറ്റെടുത്ത് പദ്ധതി നടപ്പിലാക്കുന്ന നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ